**GOVERNMENT OF KERALA**

**Abstract**

Health & Family Welfare Department - Construction of Dermatology Hospital and its allied facilities at Chevayur, Kozhikode in connection with the setting up of Institute of Organ and Tissue Transplant- Revised Administrative Sanction accorded -Orders issued.

---

**HEALTH & FAMILY WELFARE (P) DEPARTMENT**

G.O.(Rt)No.1114/2026/H&FWD Dated,Thiruvananthapuram, 15-03-2026

---

Read
1. G.O.(Ms) No.134/2024/H&FWD dated 01.07.2024.
2. G.O(Ms)No.171/2025/H&FWD dated 10.06.2025.
3. Letter No. DHS/28522/2025/PLA3 dated 21.02.2026 from the Director of Health Services.
4. Letter No. HITES/H&FWD/KIIFB/IOT-Dermatology/2025-26/2638 dated 13.03.2026 from the Associate Vice President(ID)&RH(TVPM), HITES.

**ORDER**

As per the Government Order read as $1^{st}$ paper above, Administrative Sanction was accorded for the setting up of Institute of Organ and Tissue Transplant, Kozhikode at an estimated cost of ₹558.68 crore by using KIIFB fund with HITES as the SPV. Later Administrative Sanction issued was revised to an amount of ₹ 643.88 crores vide Government Order read as $2^{nd}$ paper above. However, since

the 2021 DSoR came into effect in April 2025, it has become necessary to revise the estimate. The Vice President, HITES as per the letter dated 13.03.2026, read as 4th paper above, has requested to issue revised Administrative Sanction for the above works.

2) Government have examined the matter in detail and are pleased to accord **Revised Administrative Sanction** for an amount of **₹ 34,91,17,743/-(Rupees Thirty Four Crore Ninety One Lakh Seventeen Thousand Seven Hundred and Forty Three only)** for **construction of Dermatology Hospital and its allied facilities at Chevayur, Kozhikkode**, in connection with the setting up of Institute of Organ and Tissue Transplant and thereby revising the administrative sanction of the whole works sanctioned vide Government Order read as 2nd paper above to an amount of **₹651.45 crore (Rupees Six Hundred and Fifty One Crores and Forty Five Lakhs Only)** as detailed below;

| Sl No | Description of work | Original AS amount (Rs. in Crs) (including GST) | Revised AS Amount required ( Rs.in Crs) (Including GST) |
|---|---|---|---|
| 1 | Temporari facility | 14.40 | 14.40 |
| 2 | Dermatology | 27.33 | 34.91 |
| 3 | IOT Phase I | 400.21 | 400.21 |
| 4 | IOT Phase II | 183.41 | 183.41 |
| 5 | Providing 33 KV power supply | 18.52 | 18.52 |
| | **Total** | **643.88** | **651.45** |

3) The Government Order read as 2nd paper above stands modified to the above extent.

(By order of the Governor)
Dr. Rajan Namdev Khobragade I A S
ADDITIONAL CHIEF SECRETARY

To:

Chief Executive Officer, KIIFB

Director of Medical Education, Thiruvananthapuram.

Director Of Health Services, Thiruvananthapuram.

Associate Vice President, HITES, Poojappura, Thiruvananthapuram.

Executive Director, Institute of Organ and Tissue Transplant Organization, Thiruvananthapuram.

Superintendent/ Principal, Government Medical College, Kozhikode.

Principle Accountant General(Audit/A&E), Kerala, Thiruvananthapuram.

Finance Department

General Administration(SC) Department(Item No. 4020 dated 14.03.2026)

Information & Public Relations(Web &New Media)(for publication)

Stock File /Office Copy(P1/71/2023-HEALTH )

Forwarded /By order

Signed by
Gayathri G
Date: 15-03-2026 14:49:33

Section Officer

Copy to:- PS to Minister(Health & Family Welfare)

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-03-2026

ഫയൽ നം. ആരോഗ്യ-പി1/71/2023/ആകുവ. ഇനം നം: 4020

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - കോഴിക്കോട് കേന്ദ്രമാക്കി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ചെറുവായൂർ ഡെർമറ്റോളജി ആശുപത്രി വികസനത്തിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണത്തിനായി പുതുക്കിയ ഭരണാനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ്.

4020

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നം. | ആരോഗ്യ-പി1/71/2023/ആകുവ |
| 2 | വകുപ്പ് | ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ് |
| 3 | വിഷയം | കോഴിക്കോട് കേന്ദ്രമാക്കി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ചെറുവായൂർ ഡെർമറ്റോളജി ആശുപത്രി വികസനത്തിന്റെയും അനുബന്ധ സൗകര്യങ്ങളുടെും നിർമ്മാണത്തിനായി പുതുക്കിയ ഭരണാനുമതി നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 07.03.2026 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതേ |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള | ഇല്ല |

| | | |
|---|---|---|
| | കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ.സുഭാഷ്.ആർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.രാജൻ നാംദേവ് ഖോബ്രഗഡെ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 13.03.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 14.03.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി.വീണാ ജോർജ് |
| 13 | കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 14.03.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 14.03.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കോഴിക്കോട് കേന്ദ്രമാക്കി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ് പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ചേവായൂർ ഡെർമറ്റോളജി ആശുപത്രി വികസനത്തിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണത്തിനായി പുതുക്കിയ ഭരണാനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കോഴിക്കോട് കേന്ദ്രമാക്കി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി ഹൈറ്റ്സിനെ നിർവ്വഹണ ഏജൻസിയാക്കികൊണ്ടും, കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ടും 558.68 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയ്ക്ക് 26.06.2024 ൽ ചേർന്ന മന്ത്രിസഭായോഗ തീരുമാന പ്രകാരം (നടപടി കുറിപ്പ് ഇനം. നം. 2243) 01.07.2024 തീയതിയിലെ സ.ഉ. (എം.എസ്) നം.134/2024/ആകുവ പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ഉത്തരവിന്റെ പകർപ്പ് അനബന്ധം -1ായി ചേർക്കുന്നു. തുടർന്ന് 5.06.2025 ൽ ചേർന്ന മന്ത്രിസഭായോഗ തീരുമാന പ്രകാരം (നടപടി കുറിപ്പ് ഇനം. നം. 3014) ടി പദ്ധതിയ്ക്കായി 10.06.2025 തീയതിയിലെ സ.ഉ.(എം.എസ്) നം. 171/2025/ആകുവ പ്രകാരം 643.88 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. ടി ഉത്തരവിന്റെ പകർപ്പ് അനബന്ധം -2-ായി ചേർക്കുന്നു. പ്രസ്തുത ഭരണാനുമതിയുടെ സംക്ഷിപ്തരൂപം ചുവടെ ചേർക്കുന്നു.

(i) കോഴിക്കോട് മെഡിക്കൽ കോളേജിലെ പി.എം.എസ്.എസ്.വൈ ബ്ലോക്കിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ & ടിഷ്യൂ ട്രാൻസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് താൽക്കാലിക സൗകര്യങ്ങൾ ഒരുക്കുന്നതിന് - 14.40 കോടി രൂപ

(ii) കോഴിക്കോട് ചേവായൂരിൽ ഡെർമറ്റോളജി ആശുപത്രിയുടെയും അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണത്തിനായി - 27.33 കോടി രൂപ

(iii) കോഴിക്കോട് ചേവായൂരിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണം

ഘട്ടം -1 - ജിഎസ്ടി ഉൾപ്പെടെ 400.21 കോടി രൂപ

ഘട്ടം -2 - 183.41 കോടി രൂപ

ആകെ - 583.62 കോടി രൂപ

33 കെവി പവർ സപ്ലൈ - 18.52 കോടി രൂപ .

ആകെ - 602.4 കോടി രൂപ

പദ്ധതിയുടെ ആകെ മൂല്യം (എ+ബി+സി) - 643.88 കോടി രൂപ

3) മേൽ ഉത്തരവ് പ്രകാരം, കോഴിക്കോട് ചേവായൂരിൽ ഡെർമറ്റോളജി ആശുപത്രിയുടെയും അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണത്തിനായി

27.33 കോടി രൂപയുടെ ഭരണാനുമതി നൽകിയത് 2018 ലെ ഡി.എസ്.ആർ അടിസ്ഥാനമാക്കിയാണ്. എന്നാൽ 2025 ഏപ്രിൽ പ്രാബല്യത്തിൽ DsoR 2018 ന് പകരം DsoR 2021 നിലവിൽ വന്നതിനാൽ മേൽ എസ്റ്റിമേറ്റ് പുതുക്കേണ്ട സാഹചര്യം വരികയും എസ്റ്റിമേറ്റ് തുക 34,91,17,743/- രൂപയായി വർദ്ധിക്കുകയുമുണ്ടായി. തുടർന്ന് 04.02.2026 ന് കിഫ്ബി 34,91,17,743/- രൂപയ്ക്ക് പുതുക്കിയ ധനാനുമതി നൽകുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 34,91,17,743/- രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകണമെന്ന് നിർവ്വഹണ ഏജൻസിയായ ഹൈറ്റ്സ് അഭ്യർത്ഥിച്ചിട്ടുണ്ട്.

4) ഈ വിഷയം മന്ത്രിസഭാ യോഗത്തിൽ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

5) തദനുസരണം മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പുകൾ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ, ചീഫ് സെക്രട്ടറി ചുവടെപ്പറയും പ്രകാരം ഉത്തരവിടുകയുണ്ടായി;

*"ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ് പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി 643.88 കോടി രൂപയ്ക്ക് ഭരണാനുമതി പുതുക്കി നൽകിയ 10.06.2025 ലെ സ.ഉ (കൈ) 171/2025/ആ.കു.വ ഉത്തരവിന്റെ ഒരു ഭാഗം മാത്രമാണ് 27.33 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന കോഴിക്കോട് ചേവായൂർ ഡെർമറ്റോളജി ആശുപത്രിയുടെയും അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണം. പ്രസ്തുത ആവശ്യത്തിനുള്ള തുക മാത്രം 34.9 കോടി രൂപയായി വർദ്ധിപ്പിച്ച് ഭരണാനുമതി പുതുക്കി നൽകുമ്പോൾ അതിനനുസൃതമായ മാറ്റം 10.06.2025 ലെ സ.ഉ (കൈ) 171/2025/ആ.കു.വ ഉത്തരവിലും പ്രതിഫലിക്കേണ്ടതുണ്ട്. കൂടാതെ പ്രസ്തുത ഉത്തരവ് പ്രകാരം മറ്റാവശ്യങ്ങൾക്ക് അനുവദിച്ച തുകയും 2021 ഷെഡ്യൾഡ് റേറ്റനുസരിച്ച് കണക്കാക്കുമ്പോൾ അപര്യാപ്തമാണെങ്കിൽ ആയതും വർദ്ധിപ്പിച്ചുനൽകേണ്ടതുണ്ട്. ആയതിനാൽ ഇക്കാര്യങ്ങൾ പരിശോധിച്ച് വ്യക്തത വരുത്തി കരട് കുറിപ്പ് അതിനനുസൃതമായി ഭേദഗതി വരുത്തി സമർപ്പിക്കേണ്ടതാണ്."*

6) ചീഫ് സെക്രട്ടറി ഉത്തരവായ പ്രകാരമുള്ള സ്പഷ്ടീകരണം ഹൈറ്റ്സ് വൈസ് പ്രസിഡന്റിൽ നിന്ന് ആരായുകയും 13.03.2026 ലെ കത്ത് പ്രകാരം, 10.06.2026 ലെ ഉത്തരവ് പ്രകാരം 643.88 കോടിയുടെ ഭരണാനുമതി പുതുക്കി നൽകിയ പ്രവൃത്തികൾക്ക് താഴെപ്പറയും പ്രകാരുള്ള പുതുക്കിയ ഭരണാനുമതിയാണ് ആവശ്യമുള്ളതെന്ന് ഹൈറ്റ്സ് വൈസ് അസോസിയേറ്റ് പ്രസിഡന്റ് അറിയിക്കുകയും ചെയ്തു.

| Sl No | Description of work | Original AS amount (in Crs) (including GST) | Revised AS Amount required ( Rs.in Crs) (Including GST) |
|---|---|---|---|
| 1 | Temporari facility | 14.40 | 14.40 |
| 2 | Dermatology | 27.33 | 34.91 |

| | | | |
|---|---|---|---|
| 3 | IOT Phase I | 400.21 | 400.21 |
| 4 | IOT Phase II | 183.41 | 183.41 |
| 5 | Providing 33 KV power supply | 18.52 | 18.52 |
| | **Total** | **643.88** | **651.45** |

## തീരുമാനിക്കേണ്ട വിഷയം

കോഴിക്കോട് കേന്ദ്രമാക്കി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ് പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി ചേവായൂരിൽ ഡെർമറ്റോളജി ആശുപത്രിയുടെയും അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണത്തിനായി സമർപ്പിച്ച 34,91,17,743/- (മുപ്പത്തിനാല് കോടി തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി പതിനേഴായിരത്തി എഴുനൂറ്റി നാല്പത്തി മൂന്ന് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതി നൽകികൊണ്ടും ആകെ പ്രവൃത്തിയകളുടെ ഭരണാനുമതി തുക 651.45 കോടിയായി പുതുക്കിക്കൊണ്ടും 10.06.2025 ലെ ഉത്തരവ് ഭേദഗതി ചെയ്യാമോ ?

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കിഫ്ബി ഫണ്ടുപയോഗിച്ച് കോഴിക്കോട് കേന്ദ്രമാക്കി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(കൈ) നം.134/2024/H&FWD തീയതി,തിരുവനന്തപുരം, 01-07-2024

---

പരാമർശം:- 1) സ.ഉ (എം.എസ്) നം.254/2022/ആകുവ തീയതി 02.12.2022

2) സ.ഉ (സാധാ)നം.1368/2023/ആകുവ തീയതി 08.06.2023

3) HLL Infra Tech Services LTD (HITES) ന്റെ 11.07.2023 തീയതിയിലെ HITES/IDD/IOT/KKD/2023-24/728 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ അവയവ മാറ്റ പ്രവർത്തനങ്ങൾക്കായി ഗവേഷണ, പരിശീലന, രോഗീ പരിചരണ രംഗങ്ങളിൽ അപ്പക്സ് കേന്ദ്രമായി പ്രവർത്തിക്കുന്നതിനായി കോഴിക്കോട് കേന്ദ്രമാക്കി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ് പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് പരാമർശം 1 പ്രകാരം തത്വത്തിൽ അംഗീകാരം നൽകുകയും പുതുച്ചേരിയിലെ ജവഹർലാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ എജ്യുക്കേഷൻ ആൻഡ് റിസർച്ചിലെ സർജിക്കൽ ഗ്യാസ്ട്രോഎൻട്രോളജി വിഭാഗം പ്രൊഫസർ ഡോ.ബിജു പൊറ്റക്കാട്ടിനെ പദ്ധതിയുടെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും ചെയ്തു. തുടർന്ന് പരാമർശം 2 പ്രകാരം പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ഹൈററ്സ് (HLL Infra Tech Services LTD) നെ നിയമിക്കുകയും തുടർന്ന് രണ്ട് ഘട്ടങ്ങളിലായി ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള 558.68 കോടി രൂപ ( ഒന്നാം ഘട്ടം 373.68 കോടി രൂപ + രണ്ടാം ഘട്ടം 185 കോടി രൂപ) യുടെ വിശദമായ എസ്റ്റിമേറ്റ് പരാമർശം 3 പ്രകാരം നിർവ്വഹണ ഏജൻസിയായ ഹൈററ്സ് സമർപ്പിക്കുകയും ചെയ്തു..

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് കേന്ദ്രമാക്കി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആന്റ് ടിഷ്യു ട്രാൻസ് പ്ലാന്റ് രണ്ട്

ഘട്ടങ്ങളിലായി സ്ഥാപിക്കുന്നതിനായി നിർവ്വഹണ ഏജൻസിയായ ഹൈറ്റ്സ് സമർപ്പിച്ച 558.68 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ചുവടെ ചേർക്കും പ്രകാരമുള്ള പ്രോജക്ട് കോസ്റ്റ് സമ്മറി (Project Cost Summary) ഉൾക്കൊള്ളുന്ന കൺസെപ്റ്റ് നോട്ട് (Concept Note ) അംഗീകരിച്ച് പ്രസ്തുത പദ്ധതി കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| **Phase I** | |
| 1) Building furniture | Rs. 241 crore |
| 2) Equipment | Rs. 99 crore |
| **Total** | **Rs. 340 crore (A)** |
| **Other Facilities** | |
| 1) Temporary facility | Rs. 13.56 crore |
| 2) Dermatology Hospital | Rs. 20.12 crore |
| **Total** | **Rs.. 33.68 crore (B)** |
| **Total for Phase I (A+B)** | **Rs.373.68 crores** |
| **Phase II -** | |
| 1) Building furniture | Rs. 130 crore |
| 2) Equipment | Rs. 55 crore |
| **Total** | **Rs. 185 crore (C)** |
| **Total for Phase I & II (A+B+C)** | **Rs. 558.68 crore** |

3) നിർവ്വഹണ ഏജൻസിയായ ഹൈറ്റ്സ് വിശദമായ ഡി.പി.ആർ കിഫ്ബിയ്ക്ക് സമർപ്പിച്ച് യഥാസമയം ധനാനുമതി നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കിഫ്ബി ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾക്കായുള്ള നിലവിലുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾ നിർവ്വഹണ ഏജൻസി കൃത്യമായും പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

അസോസ്സിയേറ്റ് വൈസ് പ്രസിഡന്റ് , HLL Infra Tech Services LTD (HITES), പൂജപ്പുര, തിരുവനന്തപുരം

ഡോ.ബിജു പൊറ്റക്കാട്ട്, പ്രോഫസർ, സർജ്ജിക്കൽ ഗ്യാസ്ട്രോഎൻട്രോളജി വകുപ്പ്, ജവഹർലാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്റ്റ് ഗ്രാജുവേറ്റ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് റിസർച്ച് സെന്റർ, പുതുച്ചേരി

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓർഗാൻ & ടിഷ്യൂ ട്രാൻസ് പ്ലാന്റ് ഓർഗനൈസേഷൻ, തിരുവനന്തപുരം

സൂപ്രണ്ട് / പ്രിൻസിപ്പൽ, ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ&ഇ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (INFRA7/23/2023/Fin Dated 10.10.2023)

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.2243 തീയതി 26.06.2024)

ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ് (യു.ഒ (എഫ്)നം.ബി1/96/2023/ആകുവ)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസിന്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ

ഉത്തരവിൻ പ്രകാരം

Signed by
P K Santhosh
സെക്ഷൻ ഓഫീസർ
Date: 01-07-2024 12:00:15

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കോഴിക്കോട് കേന്ദ്രമാക്കി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാൻ ആന്റ് ടിഷ്യൂ ട്രാൻസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ ഹൈറ്റ്സ് സമർപ്പിച്ച വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്

സ.ഉ.(കൈ) നം.171/2025/H&FWD തീയതി,തിരുവനന്തപുരം, 10-06-2025

---

പരാമർശം:- 1) സർക്കുലർ നം.79/2022/ഫിൻ തീയതി 15.09.2022

2) സ.ഉ (എം.എസ്) നം.254/2022/ആകുവ തീയതി 02.12.2022

3) സ.ഉ (എം.എസ്) നം.134/2024/ആകുവ തീയതി 01.07.2024

## ഉത്തരവ്

സംസ്ഥാനത്ത് ആരോഗ്യ മേഖലയിലെ അവയവ മാറ്റ പ്രവർത്തനങ്ങൾക്കായി ഗവേഷണ, പരിശീലന, രോഗീ പരിചരണ രംഗങ്ങളിൽ ഉന്നത കേന്ദ്രമായി പ്രവർത്തിക്കുന്നതിനായി കോഴിക്കോട് കേന്ദ്രമാക്കി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കുന്നതിന് പരാമർശം (2) പ്രകാരം തത്ത്വത്തിൽ അംഗീകാരം നൽകിയിരുന്നു. തുടർന്ന് KIIFB ഫണ്ട് ഉപയോഗിച്ച് 558.68 കോടി രൂപ അടങ്കൽ തുകയോടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് കോഴിക്കോട് സ്ഥാപിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ഹൈറ്റ്സ് സമർപ്പിച്ച കൺസെപ്റ്റ് നോട്ട് പ്രകാരം രണ്ട് ഘട്ടങ്ങളിലായി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്റ്റ് കോസ്റ്റ് താഴെപ്പറയും പ്രകാരമായിരുന്നു:-

(i) ഘട്ടം 1 - 373.68 കോടി രൂപ

(ii) ഘട്ടം 2- 185 കോടി രൂപ

ആകെ - **558.68 കോടി രൂപ**

2) തുടർന്ന് നിർവ്വഹണ ഏജൻസിയായ ഹൈറ്റ്സ് കോഴിക്കോട് കേന്ദ്രമാക്കി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാൻ ആന്റ് ടിഷ്യൂ ട്രാൻസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി വിശദമായ പദ്ധതി രൂപരേഖ സമർപ്പിക്കുകയും കിഫ്ബി വർക്കുകൾക്കായുള്ള ടെക്നിക്കൽ കമ്മിറ്റി ആയത് പരിശോധിച്ച് അംഗീകാരത്തിനായി സർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു. വിശദമായ പദ്ധതി രൂപരേഖയിലെ വിവിധ ഘടകങ്ങൾക്കായുള്ള എസ്റ്റിമേറ്റ് തുക ചുവടെചേർക്കും പ്രകാരമാണ്;

- എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ പി.എം.എസ്.എസ്.വൈ ബ്ലോക്കിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കുന്നതിനായി താൽക്കാലിക സൗകര്യമൊരുക്കൽ :- 14.40 കോടി രൂപ
- ബി) കോഴിക്കാട് ചേവായൂരിൽ ഡെർമെറ്റോളജി ആശുപത്രിയും അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കൽ :- 27.33 കോടി രൂപ
- സി) കോഴിക്കാട് ചേവായൂരിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ നിർമ്മാണം-

i. ഘട്ടം 1- 400.21 കോടി രൂപ (ജി.എസ്.ടി ഉൾപ്പെടെ)

ii. ഘട്ടം 2- 183.41 കോടി രൂപ

iii. 33 കെ.വി പവർ സപ്ലൈ - 18.52 കോടി രൂപ ആകെ -602.14 കോടി രൂപ പദ്ധതിയുടെ ആകെ ചെലവ് (എ+ബി+സി) - 643.88 കോടി രൂപ

3) മേൽ പ്രകാരം ജി.എസ്.ടി നിരക്ക് കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ടി പദ്ധതിയുടെ ആകെ മൂല്യമായ 643.88 കോടി രൂപ നിലവിലെ ഭരണാനുമതി തുകയായ 558.68 കോടി രൂപയേക്കാൾ 15.25% അധികമായതിനാൽ പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനായി പരാമർശം (1) ലെ സർക്കുലറിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഏജൻസി സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'കോഴിക്കോട് കേന്ദ്രമാക്കി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാൻറ് സ്ഥാപിക്കൽ' എന്ന പദ്ധതിക്കായി നിർവ്വഹണ ഏജൻസിയായ M/s ഹൈറ്റ്സ് സമർപ്പിച്ച വിശദമായ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ, GST ഉൾപ്പെടെ ₹643.88 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) മേൽ ഭേദഗതിയോടെ മാത്രം പരാമർശം (3) ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

6) പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബിയിൽ നിന്നും ധനാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസിയായ ഹൈറ്റ്സ് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

അസ്സോസ്സിയേറ്റ് വൈസ് പ്രസിഡന്റ്, ഹൈറ്റ്സ്, പൂജപ്പുര, തിരുവനന്തപുരം
ഡോ.ബിജു പൊറ്റക്കാട്ട്, പ്രൊഫസർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് റിസർച്ച് സെന്റർ, പുതുച്ചേരി
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാൻ & ടിഷ്യൂ ട്രാൻസ് പ്ലാന്റ് ഓർഗനൈസേഷൻ, തിരുവനന്തപുരം
സൂപ്രണ്ട് / പ്രിൻസിപ്പൽ, ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (No.INFRA7/19/2025-FIN dated 25.03.2025)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.3014 തീയതി 05.06.2025)
ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി(P1/71/2023-HEALTH-Part(3))

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 11-06-2025 17:20:52
സെക്ഷൻ ഓഫീസർ

പകർപ്പ് -
ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസിന്